# പതിമൂന്നാം കേരള നിയമസഭ
# പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2449** **19/03/2015-ൽ മറുപടിക്ക്**

**മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ റദ്ദാക്കിയ മരുന്നുകൾ**

**ചോദ്യം**

ശ്രീമതി.പി. അയിഷാ പോറ്റി

**മറുപടി**

ശ്രീ. വി എസ് ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും
ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | അവശ്യമരുന്നുകളുടെ പട്ടികയിൽ നിന്നും മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ റദ്ദാക്കിയ മരുന്നുകൾ എതെല്ലാമാണ് ; | (എ) | 2015-16 സാമ്പത്തിക വർഷം നീക്കം ചെയ്ത മരുന്നുകളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു. |
| (ബി) | അവയിൽ ജീവൻരക്ഷാ മരുന്ന വിഭാഗത്തിൽപ്പെടുന്നവ ഏതെല്ലാമാണ് ; | (ബി) | 2014-15 സാമ്പത്തിക വർഷത്തിൽ കോർപ്പറേഷൻ സംഭരിച്ചു വിതരണം ചെയ്യുന്നതിനായി ദർഘാസിന്റെ പരിധിയിൽ കൊണ്ടുവന്നിരുന്ന ചില ജീവൻരക്ഷാ മരുന്നുകൾ പലപല സ്ട്രെംങ്ത്തിൽ ഉൾപ്പെട്ടിരുന്നത്, (ഏത് പ്രായക്കാർക്കും ഉപയോഗപ്പെടുത്താവുന്ന തരത്തിലുള്ള ഒന്നോ രണ്ടോ സ്ട്രെംങ്ത്തുകളിലേയ്ക്ക് ചുരുക്കിക്കൊണ്ട്, സാധാരണക്കാരന് ഒരു തരത്തിലും ചികിത്സയ്ക്ക് തടസ്സം വരാത്ത തരത്തിൽ) ഉന്നതതല സമിതിയുടെ നിർദ്ദേശപ്രകാരം, ഒഴിവാക്കിയിട്ടുണ്ട്. |
| (സി) | സർക്കാർ ആശുപത്രികൾക്ക് ആവശ്യാനുസരണം മരുന്ന് ലഭ്യമാക്കാൻ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ യഥാസമയം നടപടികൾ സ്വീകരിക്കുന്നുണ്ടോ; ആയതിനായി നടപ്പ് സാമ്പത്തിക വർഷം സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ? | (സി) | നടപ്പു സാമ്പത്തികവർഷം (2014-15) മുതൽ സർക്കാർ നിർദ്ദേശാനുസരണം ഇ-ടെൻഡർ നടപടികളിലൂടെയാണ് കോർപ്പറേഷൻ മരുന്നു സംഭരിച്ചത്. പ്രസ്തുത മരുന്നുകൾ കോർപ്പറേഷന്റെ വിവിധ ജില്ലാ മരുന്നു സംഭരണശാലകളിൽ എത്തുന്നതിനുള്ള കാലതാമസം കണക്കിലെടുത്ത്, അവശ്യ മരുന്നുകളുടെ ക്ഷാമം നേരിടാതിരിക്കാൻ, കോർപ്പറേഷന്റെ ജില്ലാ സംഭരണ ശാലകളിൽ ലഭ്യമല്ലാത്ത മരുന്നുകൾ ആശുപത്രി തലത്തിൽ തന്നെ വാങ്ങി, മരുന്നില്ലാത്ത സാഹചര്യം ഒഴിവാക്കണം എന്ന് നിർദ്ദേശിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്.<br>കൂടാതെ മനോരോഗ ചികിത്സ നടത്തുന്ന ആശുപത്രികളിൽ ഏതെങ്കിലും മരുന്നിന്റെ ലഭ്യതകുറവു ണ്ടായാൽ (കോർപ്പറേഷനിൽ ലഭ്യമല്ലാത്ത മനോരോഗ ചികിത്സയ്ക്കുള്ള മരുന്നുകൾ) ആശുപത്രി തലത്തിൽ തന്നെ വാങ്ങി മരുന്നിന്റെ ലഭ്യത ഉറപ്പു വരുത്തുന്നതിനായി സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ